മരു റീമിന് ഫ 0കെ. വീതം വില കണക്കാക്കുമ്പോൾ ആയിരം ഉറപ്പിക്കയല്ലേ ചിലവു വരി കയുള്ളൂ? ആ ഇനത്തിലേക്കു ആയിരം ഉറപ്പിക്കയും, മറവ ചിലവുകൾക്ക് ഫ, ൫൦൦ ഉറപ്പി കയും കഴിച്ചാൽ ബാക്കിയുള്ള ചിലവ് എന്താണെന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെ സംബന്ധിച്ചു അനവധി ഡീറെയിൽസുണ്ട്. അതു ഞാനിവിടെ വായിക്കാം.

Establishment	..	Rs. 1,740.
Cost of equipments	..	,, 2,484 and odd.
Amounts spent on temporary sheds	..	,, 821.
House rent paid	..	,, 841.
Charges incurred to transport old records	..	,, 123.
Wages paid to workers	..	,, 922.
Miscellaneous	..	,, 592.
T. A. given to expert?	..	,, 91."

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know what the figure for equipment.

Mr. Parambi Lonappen *(Minister for Rural Development):* Rs. 2,484—7—0.

മിസ്റ്റർ പി. നാരായണമേനോൻ: മറവള്ളവക്കു പ്രോത്സാഹനവും പരിശീലനവും നൽകുന്നതിനുവേണ്ടിയൊ കച്ചവടാവശ്യത്തിനു് കടലാസ്സ് നിർമ്മിക്കുന്നതിനു് വേണ്ടിയൊ ആളെ നിയമിച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കച്ചവടാവശ്യത്തിനല്ല, മറവള്ളവക്കു് പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനാണു്. അതായിരുന്നു ഉദ്ദേശം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇപ്പോഴും ആ റാ മെറ്റീരിയൽസ് അവിടെ സ്റ്റാക്കുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മിക്കവാറും അവിടെയുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ ആളെ കടലാസ്സുണ്ടാക്കുവാൻ നിശ്ചയിച്ചകാലത്തു് കടലാസ്സിനു് വളരെ സ്റ്റേയേഴ്സിറ്റി ഉണ്ടായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്നുണ്ടായിരുന്നു.

മിസ്റ്റർ പി. മാണി: എത്ര ആളുകൾക്കു ട്രെയിനിംഗ് കൊടുത്തിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആർക്കും ട്രെയിനിംഗ് കൊടുത്തിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതു് മാറവന്ന കാര്യത്തിൽ വേണ്ടതു ചെയ്യാമെന്നു പറഞ്ഞുവല്ലോ.....

മിസ്റ്റർ പറമ്പി ലോനപ്പൻ: ചെയ്യാമെന്നു പറഞ്ഞില്ല, അലോചിക്കാമെന്നേ പറഞ്ഞുള്ളൂ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മാറവാനാണു് ഉദ്ദേശം എന്നല്ലേ പറഞ്ഞതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെപ്പറ്റി ആലോചിച്ചു കഴിഞ്ഞിട്ടില്ല. താമസിക്കാതെ ചെയ്യും.

D. C. CO-OPERATIVE SOCIETIES

169. Mrs. Dakshayani Velayudhan *(Nominated):* Will Government be pleased to state.—

(*a*) the number of Depressed Class Co-operative Credit and Non-credit Societies; and
(*b*) the number of Depressed Class Societies that were liquidated in the year 1120?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) Credit Societies 24; Non-credit 2.
(*b*) One.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഫ നാൺ ക്രെഡിറ്റ സൊസൈറ്റീസ് ഉള്ളതു് എതെല്ലാം സ്ഥലങ്ങളിലാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ. ലോകമലേശ്വരത്തും, മറൊന്നു വിലങ്ങൻ ഹിൽസിലുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഇതിൽ ലിക്വിഡേറ്റ് ചെയ്ത സൊസൈറ്റി ഏതാണ്?

Mr. Parambi Lonappen *(Minister for Rural Development)*: I am not able to give the information just now.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതിനു കപ്പാസിറ്റർ എന്തുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എന്തെല്ലാം വ്യവസായങ്ങളാണ് ആ സൊസൈറ്റി നടത്തിയിരുന്നത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കപ്പാസിറ്റർ ഫ ൦ ൦ കെ. യിൽ താഴെയാണെന്നു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എന്തെല്ലാം സാമാനങ്ങളാണ് ഉള്ളത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത്യാവശ്യമുള്ള സാമാനങ്ങളൊക്കെയുണ്ട്.

DEPRESSED CLASSES STUDENTS AND SCHOLARSHIP

ഫ ൭ ൦. മിസ്റ്റർ കെ. കൊച്ചുകുട്ടൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കഴിഞ്ഞ അഞ്ചു സ്കൂൾ വർഷങ്ങളിൽ വിദ്യാഭ്യാസധിപ്പാട്ട്മെണ്ടിൽനിന്നും സ്കോളർഷിപ്പു ലഭിക്കുവാൻ അർഹന്മാരായ എത്ര അധഃകൃതവിദ്യാർത്ഥികൾ ഉണ്ടായിരുന്നു;

(ബി) അധഃകൃതധിപ്പാട്ട്മെണ്ടിൽനിന്നും സ്റ്റൈപ്പെൻറു കിട്ടുന്നതുകൊണ്ട് മേൽ പറഞ്ഞ സ്കോളർഷിപ്പു അവർക്കു നഷ്ടമായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഫ ൪— ഫ ന ഫ ന— ഫ ൭ ഫ ൭— ഫ വ ഫ വ— ഫ ൻ ഫ ൻ—൨൦
൪ ൫ ൪ ന ൨

(ബി) ഇല്ല. എന്നാൽ അധഃകൃതസ്റ്റൈപ്പെൻറ് റൂൾസ് പ്രകാരം എഡ്യുക്കേഷൻ ഡിപ്പാട്ട്മെണ്ട് സ്കോളർഷിപ്പ് കിട്ടുന്ന വിദ്യാർത്ഥികൾക്ക് അധഃകൃതസ്റ്റൈപ്പെൻറും കിട്ടുന്നതല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്കോളർഷിപ്പ് കൊടുക്കുന്നതു കുട്ടികളെ പഠനത്തിനു പ്രേരിപ്പിക്കുവാനായിട്ടല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്കോളർഷിപ്പ്, സ്റ്റൈപ്പെൻറു കൊടുക്കുന്ന കുട്ടിക്കു കൊടുക്കുവാൻ പാടില്ലെന്നാണോ ഗവർമ്മെണ്ടിന്റെ നിർദ്ദേശം?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്റ്റൈപ്പെൻറു ഒരു കുട്ടിക്കും സ്കോളർഷിപ്പ് വേറെ ഒരു കുട്ടിക്കും കൊടുത്താൽ രണ്ടു പേർക്കും സഹായമായിരിക്കും.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്കോളർഷിപ്പ് ഇല്ലാതെ ഹൈസ്കൂളിൽ പഠിക്കുന്ന എല്ലാ അധഃകൃത വിദ്യാർത്ഥികൾക്കും സ്റ്റൈപ്പെൻറു കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്റ്റൈപ്പെൻറു കുറെ കുട്ടികൾക്കു കൊടുക്കുന്നുണ്ട്. ധനസംബന്ധമായ ഒരു സഹായമായിട്ടാണ് അവർക്ക് കൊടുക്കുന്നത്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: തീച്ചയായിട്ടും അതു് അവകാശപ്പെട്ടവർക്കെല്ലാം കൊടുക്കേണ്ടതാണെന്നു ഗവർമ്മെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്കോളർഷിപ്പ് ഇല്ലാത്ത കുട്ടികൾക്ക് സ്റ്റൈപ്പെൻറ് കൊടുത്തുവരുന്നുണ്ട്.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഡിപ്രസ്ഡ് ക്ലാസ് സ്റ്റുഡൻസിനു സ്കോളർഷിപ്പ് കൊടുക്കുന്നതു പ്രോഗ്രസ് കണക്കാക്കിയല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രോഗ്രസ് അനുസരിച്ചാണ് കൊടുക്കുന്നതു്.

Mrs. Dakshayani Velayudhan *(Nominated)*: If so, is there any meaning in withdrawing the stipend when that progress results in securing a scholarship?

LIBRARY ARCHIVES Kerala Legislative Assembly